**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6351** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ക്ലാസ്സുകൾ സുഗമമാക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. എ . പി . അനിൽ കുമാർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇന്റർനെറ്റ് സംവിധാനത്തിന് പ്രശ്നമുള്ള സ്ഥലങ്ങളിൽ ഓൺലൈൻ ക്ലാസ്സുകൾ ഡൗൺലോഡ് ചെയ്ത് കാണുവാൻ വിദ്യാർത്ഥികൾക്ക് സൗകര്യം ഒരുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന വിദ്യാഭ്യാസ മേഖലയിൽ കോവിഡ് 19 ലോക്ഡൗണിനെ തുടർന്നുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിന് 2020 ജൂൺ ഒന്ന് മുതൽ ലഭ്യമായ സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ചിരുന്നു. വീട്ടിൽ ടി.വി, സ്മാർട്ട്ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്കും ക്ലാസുകൾ കാണുന്നതിന് അതത് ക്ലാസ് ടീച്ചർ കുട്ടികളുമായി ആശയവിനിമയം നടത്തി പ്രഥമാധ്യാപകരുമായി ആലോചിച്ച് ബദൽ സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞവർഷം ഉത്തരവായിട്ടുണ്ട്. ഈ വർഷവും അത്തരം ക്രമീകരണങ്ങൾ ഡിജിറ്റൽ ക്ലാസുകൾക്ക് ഒരുക്കിയിട്ടുണ്ട്. ഓൺലൈൻ ക്ലാസുകൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിന് സാധ്യമായ എല്ലാ പ്രവർത്തനങ്ങളും ക്രമീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ ക്ലാസുകൾ ഓരോ ദിവസവും വ്യത്യസ്ഥ ക്ലാസുകളിൽ പരമാവധി അര മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെയാണ് സംപ്രേഷണം ചെയ്യുന്നത്. ഓരോ പ്രദേശത്തിന്റെയും കുട്ടിയുടെയും സാഹചര്യം അനുസരിച്ച് അടുത്ത് താമസിക്കുന്ന സഹപാഠി, അയൽ വീട്ടുകൾ, ഗ്രന്ഥശാലകൾ/ അക്ഷയകേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെയോ ടി.വി/ഇന്റർനെറ്റ് സേവനങ്ങളോ, വിദൂരതയില്ലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ. കോർഡിനേറ്റർമാർ, എസ്.പി.സി, എൻ.എസ്.എസ് വാളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രൊജക്ടറും ഉപയോഗിച്ചോ (അവിടെ ഇന്റർനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത് ഉള്ളടക്കം പ്രദർശിപ്പിക്കാം) തൊട്ടടുത്ത സ്കൂളുകളിൽ |

| | | | |
|---|---|---|---|
| | | | സൗകര്യം ഏർപ്പെടുത്തിയോ ആകാം. ഇങ്ങനെ ക്ലാസുകൾ ക്രമീകരിക്കുമ്പോൾ ഒരു കുട്ടിക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൊണ്ട് ആ ആഴ്ചയിലെ എല്ലാ ക്ലാസുകളും ഒരുമിച്ച് നൽകുന്ന വിധത്തിൽ സ്കൂളുകളിലെ ഐടി സംവിധാനങ്ങളും ഉപയോഗിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓൺലൈൻ ക്ലാസുകൾ സംസ്ഥാന വ്യാപകമായി എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളത്. അതിനായി ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ വിഭാഗം കുട്ടികൾക്ക് അത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് കഴിഞ്ഞു. ഓൺലൈൻ ക്ലാസിൽ പങ്കെടുക്കുന്നതിന് ഉപകരണങ്ങൾ ആവശ്യമുള്ള പൊതുവിഭാഗത്തിലെ കുട്ടികളുടെ എണ്ണം കണ്ടെത്തിയിട്ടുണ്ട്. വിവിധ മാർഗങ്ങളിലൂടെ കുട്ടികൾക്ക് ഉപകരണങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളും 'വിദ്യാകിരണം' പദ്ധതി പ്രകാരം എല്ലാ കുട്ടികൾക്കും ഉപകരണങ്ങൾ ലഭ്യമാക്കുന്ന തിനുള്ള സംവിധാനവും ഒരുക്കിവരുന്നുണ്ട്. ഡിജിറ്റൽ ക്ലാസുകൾ കാണുന്നതുപോലെ തന്നെ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിനും സ്കൂളുകൾക്ക് ലഭ്യമാക്കിയ ഉപകരണങ്ങളും സൗകര്യങ്ങളും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സാങ്കേതിക സംവിധാനങ്ങളും ഇന്റർനെറ്റും ലഭ്യമല്ലാത്ത കുട്ടികളെ സ്കൂൾ അധികാരികൾ കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഓൺലൈൻ ക്ലാസ്സുകളിൽ സൈബർ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും വിലയിരുത്തുവാനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; അറിയിക്കുമോ? | (സി) | കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലേയും അധ്യാപകർക്കും കുട്ടികൾക്കും സുരക്ഷിതമായ രീതിയിൽ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് ജി-സ്യൂട്ട് പ്ലാറ്റ്ഫോമിൽ പ്രത്യേക ലോഗിൻ സൗകര്യം ഒരുക്കിക്കൊണ്ടാണ് ഘട്ടംഘട്ടമായി കൈറ്റ് ഓൺലൈൻ ക്ലാസ്സുകൾ നടപ്പിലാക്കുന്നത്. പ്രസ്തുത ജി-സ്യൂട്ട് സംവിധാനത്തിൽ നുഴഞ്ഞു കയറുന്നതിനുള്ള പഴുതുകൾ പൂർണമായി ഒഴിവാക്കിയിട്ടുണ്ട്. സുരക്ഷിതമായ രീതിയിൽ ഓൺലൈൻ പഠനം സൗജന്യമായി ഉറപ്പുവരുത്തുക, കുട്ടികളുടെ സെൻസിറ്റീവായ വ്യക്തിഗത വിവരങ്ങൾ നൽകാതിരിക്കുക അപ് ലോഡ് ചെയ്യുന്ന ഡാറ്റയിൽ സർക്കാരിന് മാസ്റ്റർ കൺട്രോൾ ഉണ്ടായിരിക്കുക, ഓൺലൈൻ വിദ്യാഭ്യാസത്തിന് ഏകീകൃതരൂപം |

| | | | |
|---|---|---|---|
| | | | നൽകുക തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തിയാണ് ഓൺലൈൻ ക്ലാസ്സുകൾ ജി-സ്യൂട്ട് പ്ലാറ്റ്ഫോമിലൂടെ നൽകുന്നത്. |

സെക്ഷൻ ഓഫീസർ